**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **10-06-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 2017 ൽ പ്രഖ്യാപിച്ച കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത റോഡുകളിൽ ക്രമ നം.1 മുതൽ 3 വരെയുള്ള റോഡുകളുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ അലൈൻമെന്റിൽ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ക്രമ നം. 6-ലെ റോഡിന്റെ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ റോഡുകളുടെ അലൈൻമെൻറ് പൂർണ്ണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത റോഡുകളിൽ ക്രമ നം.1 മുതൽ 3 വരെയുള്ള റോഡുകളുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ |

| | | | |
|---|---|---|---|
| | | | അലൈൻമെന്റിൽ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ക്രമ നം. 6-ലെ റോഡിന്റെ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത റോഡുകളുടെ നിർമ്മാണ പൂർത്തീകരണം ത്വരിതഗതിയിലാക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള അനുബന്ധത്തിലെ ക്രമ നം. 1, 2, 3, 6 എന്നിവയിലെ റോഡ് പ്രവൃത്തികളിൽ ഇനി ഡി.പി.ആർ സമർപ്പിക്കാൻ ബാക്കിയുള്ള റോഡുകളുടെ ഡി.പി.ആർ വേഗത്തിൽ പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ